(സി)-(ഇ) പത്ര സമ്മേളനത്തിൽ പരാമർശിച്ചിട്ടുണ്ട്. കാലവിളംബം കൂടാതെ നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളൂ.

119 (1851) സുഗന്ധ വ്യഞ്ജന വിളകളുടെ സമഗ്ര വികസനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സുഗന്ധ വ്യഞ്ജന വിളകളുടെ സമഗ്രവികസനത്തിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സുഗന്ധ വ്യഞ്ജന വിളകളിൽ നമുക്ക് വിദേശ നാണ്യം ഉൾപ്പെടെ ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന കൃഷി ഏതാണ്; കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടുകൂടി സംയോജിത സുഗന്ധ വിളവികസന പദ്ധതിയും കുരുമുളക് കൃഷിയുടെ വികസനത്തിനായി ടെക്നോളജിമിഷൻ ഓൺ പെപ്പർ എന്ന സംസ്ഥാന പദ്ധതിയും 1997-98 മുതൽ നടപ്പാക്കിവരുന്നു.

(ബി) സുഗന്ധ വ്യഞ്ജനവിളകളിൽ ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന കൃഷി കുരുമുളകാണ്.

1998-99 വർഷത്തിൽ 634.67 കോടി രൂപ.

120 (1852) നാളികേരോല്പാദനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഒരു വർഷത്തെ നാളികേരോല്പാദനം ശാസ്ത്രീയമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ഓരോ ഗ്രാമ പഞ്ചായത്തിൽനിന്നും ആ പഞ്ചായത്ത് അതിർത്തിയിലെ നാളികേര കൃഷിയെ കുറിച്ച് ഓരോ വർഷവും കണക്കുകൾ ശേഖരിയ്ക്കുന്നകാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലോചിക്കാം.

121 (1853) നാളികേരത്തിന്റെ വൈവിധ്യവൽക്കരണം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി ;
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രംഗത്ത് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കേരഫെഡ് നാളികേരം ഉപയോഗിച്ച് വൈവിധ്യവൽക്കരണ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. പ്രാരംഭ നടപടി എന്ന നിലയ്ക്ക് നാളികേരത്തിൽനിന്നും ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക്, കോക്കനട്ട് ക്രീം, കുപ്പിയിൽ നിറച്ച ഇളനീർ, കോക്കനട്ട് ഷെൽ പൗഡർ, കോക്കനട്ട് കയർ മാറ്റ്, കോക്കനട്ട് ഫൈബർ ബോർഡ് എന്നീ ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദമായ മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി എ.എഫ്. ഫർഗൂസൻ ആന്റ് കമ്പനി, മദ്രാസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർക്കറ്റ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, ഡെഡിക്കേറ്റഡ് കോക്കനട്ട് എന്നീ നാളികേരാധിഷ്ഠിത ആഹാര ഉൽപ്പന്നങ്ങൾക്കും ചകിരിയിൽ നിന്നുള്ള ജിയോ ടെക്സറ്റൈൽസ്, ബ്രിക്വസ്റ്റ് (BRIQUETTES) തുടങ്ങിയ വ്യാവസായിക ഉൽപ്പന്നങ്ങൾക്കും വിദേശ വിപണിയിൽ വിപണന സാധ്യത ഉണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള സാങ്കേതിക വിദ്യ വിദേശ രാജ്യങ്ങളിൽനിന്നും ലഭിക്കുന്നതിനും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണിയിൽ "ബൈബാക്ക്" വ്യവസ്ഥ പ്രകാരം വിൽക്കുന്നതിനും വേണ്ടി തയ്യാറുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് മാവേലിഅസോസിയേറ്റ്സ് എന്ന കൺസൾട്ടന്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ നടത്തിയ അന്വേഷണത്തിൽ ഫ്രാൻസിലുള്ള സംഗം, പിൻഗാട്ട് എന്നീ സ്ഥാപനങ്ങൾ നാളികേരാധിഷ്ഠിത വ്യവസായത്തിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കാമെന്നും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ വിദേശ വിപണനം നടത്താമെന്നും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് ആഗോളതലത്തിൽ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും പകരം ഉൽപ്പന്നങ്ങൾ വിദേശ വിപണിയിൽ വിപണനം നടത്തുന്നതിനും തയ്യാറായ സ്ഥാപനങ്ങളെ കണ്ടു പിടിക്കുന്നതാണ്. ഇക്കൊല്ലം തന്നെ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി പതിനെട്ട് മാസംകൊണ്ട് പൂർത്തീകരിക്കാനാണ് പരിപാടി. ആഹാരാധിഷ്ഠിതമായ നാളികേരോല്പന്നങ്ങളുടെ ഫാക്ടറി കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചെലവ് എസ്റ്റിമേറ്റ് 610 ലക്ഷം രൂപയാണ്. വ്യവസായാധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി എറണാകുളം ജില്ലയിലെ വൈറ്റിലയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചിലവ് എസ്റ്റിമേറ്റ് 923.87 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly